"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കാസർഗോഡ് വികസന പാക്കേജ് - കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ സാമൂഹ്യ സുരക്ഷാമിഷൻ വഴി താത്കാലിക അടിസ്ഥാനത്തിൽ നിയമിതരായ ജൂനിയർ ഹെൽത്ത് ഇൻസെക്ടർമാർക്ക് 2023 ജൂൺ മുതൽ 10 മാസത്തെ വേതനകടിശ്ശിക അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച സ.ഉ. (സാധാ) നം.329/2024/P&EA തീയതി 31.08.2024- ഭേദഗതി ചെയ്ത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.373/2024/P&EA തീയതി,തിരുവനന്തപുരം, 15-10-2024

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 139/2023/P&EA, തീയതി 31.03.2023.
2. സ.ഉ. (സാധാ) നം.329/2024/P&EA തീയതി, 31.08.2024.
3. കാസർഗോഡ് ജില്ലാ കളക്ടറുടെ 06.09.2024-ലെ DCKSGD/1415/2023-PAM/KDP നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ സാമൂഹ്യ സുരക്ഷാ മിഷൻ വഴി താൽക്കാലിക അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചു വരുന്ന 16 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് 2023 ജൂൺ മുതലുള്ള 10 മാസത്തെ വേതനകുടിശ്ശിക നൽകുന്നതിനുള്ള 28,52,800/- രൂപ (ഇരുപത്തിയെട്ട് ലക്ഷത്തി അൻപത്തി രണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം) കാസർഗോഡ് വികസന പാക്കേജിന്റെ 2551-60-101-97 (പി) ശീർഷകത്തിലെ നടപ്പ് സാമ്പത്തികവർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും 'Health Facilities in Kasaragod' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകികൊണ്ട് ഉത്തരവായിരുന്നു.

2. പരാമർശം (1) പ്രകാരം സർക്കാർ ഭരണാനുമതി ലഭിച്ച 'ഹെൽത്ത് ഫെസിലിറ്റീസ്' എന്ന പദ്ധതിയുടെ കാലവധി 31.03.2024-നു അവസാനിച്ചതായതിനാൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് 2023 ജൂൺ മുതൽ 10 മാസത്തെ വേതനമായ 28,52,800/- രൂപ അനുവദിക്കുന്നതിന് 'ഹെൽത്ത് ഫെസിലിറ്റീസ്' എന്ന പദ്ധതി 2024-25 സാമ്പത്തിക വർഷത്തേക്കു കൂടി തുടരുന്നതിനും ചെലവുകൾക്കായി 4551-60-800-98 എന്ന Capital Expenditure ശീർഷകം ഉൾപ്പെടുത്തിയും സർക്കാർ ഉത്തരവ് പുതുക്കി നൽകണമെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം കാസർഗോഡ് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിൻ പ്രകാരം സാമൂഹ്യസുരക്ഷാ മിഷൻ മുഖേന താൽക്കാലിക അടിസ്ഥാനത്തിൽ നിയമിതരായ 16 ജൂനിയർ

ഹെൽത്ത് ഇൻസെക്ടർമാർക്ക് പരാമർശം (2) സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള ഉപാധികളോടെ 2023 ജൂൺ മുതൽ 10 മാസത്തെ വേതനകുടിശ്ശികയായ 28,52,800/- രൂപ (ഇരുപത്തിയെട്ട് ലക്ഷത്തി അൻപത്തി രണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം) 2551-60-101-97-02-4-PV ശീർഷകത്തിലെ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. ടി ശീർഷകത്തിൽ നിന്നും തുക അനുവദിക്കുന്നതിനായി 2551-60-101-97-02-4-PV ശീർഷകം Director of Health Services-നു ക്രോസ് മാപ്പ് ചെയ്തിട്ടുള്ളതുമാണ്.

4. പരാമർശം (2) ലെ സർക്കാർ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടു കൂടി നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYAMOHAN
സ്പെഷ്യൽ സെക്രട്ടറി

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ് / ഓഡിറ്റ് II ), കേരള, തിരുവനന്തപുരം.
ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ്, ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം.
ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം.
ചീഫ്, കൃഷി വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, കാസർഗോഡ് വികസന പാക്കേജ്.
ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസർഗോഡ്.
ജില്ലാ മെഡിക്കൽ ഓഫീസർ, കാസർഗോഡ്.
ധനകാര്യ വകുപ്പ് (EXP-B3/305/2024-FIN, തീയതി 08.10.2024 പ്രകാരം).
ആരോഗ്യ വകുപ്പ്.
ആസൂത്രണ സാമ്പത്തികകാര്യ (എ1) വകുപ്പ്.
സാമൂഹ്യനീതി വകുപ്പ്.
വിവര പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ സഞ്ചയം / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Alen Alphonse
Date: 15-10-2024 14:22:37
സെക്ഷൻ ഓഫീസർ